**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1367** **03-02-2026 - ൽ മറുപടിയ്ക്ക്**

**ഉത്തരവാദിത്ത ടൂറിസം മിഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. കെ. ടി. ജലീൽ,<br>ശ്രീ. കെ.വി.സുമേഷ്,<br>ശ്രീമതി ഒ എസ് അംബിക,<br>ശ്രീ. കെ. പ്രേംകുമാർ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | ഉത്തരവാദിത്ത ടൂറിസം പദ്ധതിയിൽ നിലവിൽ ഉൾപ്പെടുത്തിയ കേരളത്തിലെ വിവിധ പദ്ധതികളുടെ വിശദവിവരങ്ങൾ നൽകാമോ; | (എ) | കേരള റെസ്പോൺസിബിൾ ടൂറിസം മിഷൻ സൊസൈറ്റി കേരളത്തിൽ നടത്തി വരുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.<br>• മെറ്റീരിയലൈസിംഗ് കേരള റെസ്പോൺസിബിൾ ടൂറിസം മിഷൻ സൊസൈറ്റി : 2025 - 26<br>• പരിശീലനങ്ങൾ 2025 -26<br>• ‘പ്രൊമോഷൻ & മാർക്കറ്റിംഗ് 2025- 26<br>• വിനോദ സഞ്ചാരത്തിലൂടെ പരിസ്ഥിതി സൗഹൃദ പ്രവർത്തനങ്ങളുടെ പ്രോത്സാഹനം : 2025 -26<br>• പങ്കാളിത്ത വിനോദസഞ്ചാര വികസന പദ്ധതികളുടെ തുടർച്ച 2025 – 26 പാർട്ട് -1<br>• പങ്കാളിത്ത വിനോദസഞ്ചാര വികസന പദ്ധതികളുടെ പൂർത്തീകരണം 2025 - 26 പാർട്ട് – 2<br>• സുസ്ഥിര/ അതിജീവന വിനോദ സഞ്ചാര കേന്ദ്രങ്ങൾ 2025 - 26 പാർട്ട് - 1<br>• സുസ്ഥിര / അതിജീവന വിനോദസഞ്ചാര കേന്ദ്രങ്ങൾ 2025 - 26 പാർട്ട് – 2 മൂന്നാർ ആർ ടി ഡെസ്റ്റിനേഷൻ പ്രഖ്യാപനവും പദ്ധതി പ്രവർത്തനങ്ങളും<br>• സുസ്ഥിര / അതിജീവന വിനോദ സഞ്ചാര കേന്ദ്രങ്ങൾ 2025 - 26 പാർട്ട് - 3<br>• തനതായ പാചക ശൃംഖലയും കേരള കാർഷിക വിനോദ സഞ്ചാര ശൃംഖലയും - തുടർച്ച 2025 – 26<br>• മുണ്ടക്കൈ - ചൂരൽമല പ്രകൃതി ദുരന്ത മേഖലയിലുള്ളവർക്കായി ആർ ടി അനുബന്ധ തൊഴിൽ പരിശീലനം - പാർട്ട് -1 |

| | | | |
|---|---|---|---|
| | | | • കേരള ഹോംസ്റ്റേ & റൂറൽ ടൂറിസം മീറ്റ് 2025 – 26<br>• ആർ ടി ഫെസ്റ്റ് 2025 – 26 (കേരള റെസ്പോൺസിബിൾ ടൂറിസം മിഷൻ സൊസൈറ്റിയുടെ രജിസ്റ്റേർഡ് യൂണിറ്റ് സംഗമവും - പ്രദർശന വിപണന മേളയും)<br>• ബേപ്പൂർ സംയോജിത ഉത്തരവാദിത്ത ടൂറിസം വികസന പദ്ധതി 2025- 26<br>• ഇൻടസ്റ്റ് സബ്വെൻഷൻ പദ്ധതി 2025 – 26 |
| (ബി) | ഉത്തരവാദിത്ത ടൂറിസം മിഷൻ നടപ്പാക്കുന്ന പെപ്പർ ടൂറിസം-2025 (പെപ്പർ-2025) സ്ട്രീറ്റ് ടൂറിസം എന്നീ പദ്ധതികൾ ഏതൊക്കെ ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ; ഇവയുടെ നടത്തിപ്പിനായി ഓരോ ജില്ലയിലും എത്ര തുക വീതം അനുവദിച്ചിട്ടുണ്ടെന്ന കണക്ക് ലഭ്യമാണോ; എങ്കിലത് നൽകാമോ; | (ബി) | പങ്കാളിത്ത വിനോദസഞ്ചാര വികസനത്തിന്റെ ഭാഗമായി കേരള റെസ്പോൺസിബിൾ ടൂറിസം മിഷൻ സൊസൈറ്റി വിജയകരമായി നടപ്പിലാക്കി വരുന്ന പദ്ധതികളാണ് സ്ട്രീറ്റ്, പെപ്പർ, മോഡൽ ആർ ടി വില്ലേജ് പദ്ധതികൾ. സ്ട്രീറ്റ്, പെപ്പർ, മോഡൽ ആർ ടി വില്ലേജ് എന്നീ പദ്ധതികളുടെ പൂർത്തീകരണത്തിന്റെ ഭാഗമായി പദ്ധതി നടപ്പിലാക്കുന്ന പ്രദേശങ്ങളിലെ യൂണിറ്റുകൾക്ക് സംരംഭകത്വ വികസനത്തിനും, പദ്ധതി പൂർത്തിയാക്കി പ്രസ്തുത പ്രദേശങ്ങളെ പുതിയ ഉത്തരവാദിത്ത ടൂറിസം ഡെസ്റ്റിനേഷനുകളാക്കി പ്രഖ്യാപിക്കുന്നതിനും, മറ്റ് പ്രവർത്തനങ്ങൾക്കുമായി 93,77,718/-രൂപ (തൊണ്ണൂറ്റിമൂന്ന് ലക്ഷത്തി എഴുപത്തി ഏഴായിരത്തി എഴുന്നൂറ്റി പതിനെട്ട്) വിനോദ സഞ്ചാരത്തിലൂടെ പങ്കാളിത്ത വിനോദസഞ്ചാര വികസന പദ്ധതികളുടെ പൂർത്തീകരണം 2025 – 26 -ന്റെ രണ്ടാം ഘട്ടം എന്ന ഭരണാനുമതി പ്രകാരം ലഭ്യമായിട്ടുണ്ട്. |
| (സി) | മൂന്നാറിനെ ഗ്ലോബൽ റെസ്പോൺസിബിൾ ടൂറിസം ഡസ്റ്റിനേഷനായി പ്രഖ്യാപിക്കാനുള്ള പദ്ധതിയുടെ പുരോഗതി വിശദമാക്കാമോ; ഇതിനായി മൂന്നാറിൽ നടപ്പാക്കുന്ന പ്രധാന പരിസ്ഥിതി സൗഹൃദ പ്രവർത്തനങ്ങൾ വിശദമാക്കാമോ; | (സി) | മൂന്നാറിൽ വിവിധ റെസ്പോൺസിബിൾ ടൂറിസം പദ്ധതികളും പ്രവർത്തനങ്ങളും നടപ്പിലാക്കിക്കൊണ്ട് മൂന്നാറിനെ റെസ്പോൺസിബിൾ ടൂറിസം ഡെസ്റ്റിനേഷനായി, അന്താരാഷ്ട്ര ടൂറിസം ഡെസ്റ്റിനേഷനായി പ്രഖ്യാപിക്കുന്നതിനായി പ്രവർത്തനങ്ങൾ നടന്നു വരുന്നു. ഇതിനായി മൂന്നാറിൽ ഹരിത കേരള മിഷനുമായി ചേർന്ന് മൗണ്ടെൻ ലാൻഡ്സ്കേപ്പിനുള്ള പ്രോട്ടോക്കോൾ തയ്യാറാക്കി. മൂന്നാർ മാങ്കുളത്ത് വച്ച് ഗ്ലോബൽ വുമൺ റെസ്പോൺസിബിൾ ടൂറിസം കോൺഫറൻസ് നടത്തി. വിവിധ യൂണിറ്റുകൾ രൂപീകരിച്ചുകൊണ്ടുള്ള പ്രവർത്തനങ്ങൾ നടത്തി വരുന്നുണ്ട്. സ്ത്രീ സുരക്ഷാ പഠനം നടത്തി. ജൻഡർ ഓഡിറ്റ് മൂന്നാറിന്റെ ചില പ്രത്യേക കേന്ദ്രങ്ങളിൽ നടത്തിയിട്ടുണ്ട്. ഹോട്ടലുകളിലും റിസോർട്ടുകളിലും നേരത്തെ തന്നെ റെസ്പോൺസിബിൾ ടൂറിസം മിഷനുമായി ചേർന്ന് പ്ലാസ്റ്റിക് ഫ്രീ ആക്കുന്നതിനുള്ള പ്രവർത്തനങ്ങൾ |

| | | | |
|---|---|---|---|
| | | | നടത്തിയിട്ടുണ്ട്. ഒറ്റത്തവണ ഉപയോഗിക്കുന്ന പ്ലാസ്റ്റിക്കുകൾ ഒഴിവാക്കിയിട്ടുണ്ട്. |
| (ഡി) | സംസ്ഥാനത്ത് ഉത്തരവാദിത്ത ടൂറിസം മിഷൻ വഴി സ്ത്രീ സംരംഭകർക്ക് തൊഴിൽ ലഭ്യമാക്കിയതിന്റെ വിശദാംശം അറിയിക്കാമോ? | (ഡി) | സമൂഹത്തിലെ തികച്ചും സാധാരണക്കാരായ സ്ത്രീകളെ കൂടുതലായി ടൂറിസം രംഗത്തേക്ക് ആകർഷിച്ചുകൊണ്ട് ടൂറിസം മേഖലയിലെ സ്ത്രീ പങ്കാളിത്തം ഉയർത്തുന്നതിനും, തികച്ചും സ്ത്രീ സൗഹാർദ്ദ ടൂറിസം കേന്ദ്രങ്ങൾ രൂപീകരിക്കുന്നതിനുമുള്ള വിവിധ അടിസ്ഥാന പ്രവർത്തനങ്ങൾ കെ ആർ ടി എം സൊസൈറ്റി നടത്തി വരുന്നു. ഇതിന്റെ ഭാഗമായി എക്സ്ക്ലൂസീവ് വിമൺ ടൂറുകൾ നടത്തുന്ന വിവിധ യൂണിറ്റുകൾ കെ ആർ ടി എം സൊസൈറ്റി രജിസ്റ്റർ ചെയ്തിട്ടുണ്ട്. അതുപോലെ സ്ത്രീകൾ നയിക്കുന്ന ഹോംസ്റ്റേകൾ, സ്ത്രീകളുടെ സുവനീർ യൂണിറ്റുകൾ എന്നിങ്ങനെ വിവിധ സ്ത്രീ കേന്ദ്രീകൃത പ്രവർത്തനങ്ങൾ കെ ആർ ടി എം സൊസൈറ്റി നടത്തി വരുന്നു. സ്ത്രീ സൗഹാർദ്ദ വിനോദസഞ്ചാര പദ്ധതിയുമായി ബന്ധപ്പെട്ട് 17631 സ്ത്രീകൾ കെ ആർ ടി എം സൊസൈറ്റിയിൽ രജിസ്റ്റർ ചെയ്തു കഴിഞ്ഞു. വിവിധ പരിശീലനങ്ങൾ നടന്നു. പദ്ധതിയുടെ ഭാഗമായി വിവിധ പരിശീലനങ്ങൾ നടത്തുന്നതിനുവേണ്ടി പരിശീലകരെ തെരെഞ്ഞെടുക്കുന്നതിനുള്ള ട്രെയിനിംഗ് നടന്നു കഴിഞ്ഞു. കമ്മ്യൂണിറ്റി ടൂർ ലീഡർ, ടൂർ ഓപ്പറേറ്റർ , ഡ്രൈവർമാർ, ഹോംസ്റ്റേകൾ , റെസ്റ്റോറന്റ് എന്നീ മേഖലകളിൽ സംരംഭങ്ങൾ തുടങ്ങാനാകും. ഇവയെല്ലാം ഏകോപിപ്പിച്ച്, ഒരു സ്ത്രീ സൗഹാർദ്ദ ടൂറിസം ശൃംഖല രൂപീകരിക്കുന്നതിന് വേണ്ട നടപടികൾ കേരള റെസ്പോൺസിബിൾ ടൂറിസം മിഷൻ സൊസൈറ്റി ചെയ്തു വരുന്നു. കേരള റെസ്പൊൺസിബിൾ ടൂറിസം മിഷൻ സൊസൈറ്റിയിൽ രജിസ്റ്റർ ചെയ്തിരിക്കുന്ന ആകെ യൂണിറ്റുകളിൽ 17631 (70%) യൂണിറ്റുകൾ സ്ത്രീകളുടെ ഉടമസ്ഥതയിലുള്ളതോ സ്ത്രീകൾ നയിക്കുന്നതോ ആണ്. |

സെക്ഷൻ ഓഫീസർ